**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2184** **13-09-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്‌തീൻ , ശ്രീ വി ജോയി, ശ്രീ. കെ. പ്രേംകുമാർ, ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോവിഡ് മൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ മറികടന്ന് ഐ.ടി. മേഖലയുടെ വികസനത്തിന് വഴിയൊരുക്കുന്നതിനായി നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ; | (എ) | കോവിഡ് മഹാമാരിയുടെ ഒന്നാംഘട്ടത്തിൽ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇൻക്യുബേറ്ററുകളിൽ പ്രവർത്തിച്ചിരുന്ന എല്ലാ സ്റ്റാർട്ടപ്പുകൾക്കും 4 മാസത്തെ വാടക പൂർണ്ണമായും ഇളവ് ചെയ്യുകയും തുടർന്നുള്ള 3 മാസകാലയളവിൽ വ്യവസ്ഥകളോടെ വാടക ഇളവ് നൽകുകയും ചെയ്തു. മഹാമാരിയുടെ 3ാം ഘട്ടത്തിൽ മൂന്ന് മാസത്തെ വാടക വ്യവസ്ഥകളോടെ ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാർട്ടപ്പുകളുടെ ബിസിനസ്സും നിക്ഷേപവും വർദ്ധിപ്പിക്കുന്നതിനായി വെർച്വൽ ഡെമോ ഡേകൾ സംഘടിപ്പിച്ച് സഹായം നൽകി.<br><br>കോവിഡ് കാലഘട്ടത്തിൽ സർക്കാർ ഐ.ടി. പാർക്കുകളായ ടെക്നോപാർക്ക് തിരുവനന്തപുരം, ഇൻഫോപാർക്ക് കൊച്ചി, സൈബർപാർക്ക് കോഴിക്കോട് എന്നിവിടങ്ങളിൽ സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഐ.ടി./ഐ.ടി. ഇതര കമ്പനികൾ, ഹോട്ടലുകൾ, മറ്റ് വ്യാപാര സ്ഥാപനങ്ങൾ എന്നിവയിന്മേലുള്ള വാടക, വാടകയിലുള്ള വാർഷിക വർദ്ധനവ് (5%), സർചാർജ് തുടങ്ങിയവ ഒഴിവാക്കി 42.19 കോടി രൂപയുടെ ഇളവുകൾ സർക്കാർ അനുവദിക്കുകയുണ്ടായി.<br><br>ഇതിനു പുറമെ കോവിഡ് കാലഘട്ടത്തിൽ ജീവനക്കാർക്ക് വീടുകളിൽ ഇരുന്നു തന്നെ ജോലി ചെയ്യുവാനുള്ള സൗകര്യവും അനുവദിക്കുകയുണ്ടായി. ഈ കാലയളവിലും മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദ്ദേശീയ ഐ.ടി. കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിച്ച് ഐ.ടി സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിന് വേണ്ടി അവർക്ക് ആവശ്യാനുസരണം SEZ/NON |

| | | | |
|---|---|---|---|
| | | | SEZ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ,അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും ഐ.ടി പാർക്കുകളിൽ ഒരുക്കുന്നതിന് വേണ്ടിയും സർക്കാർ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. |
| (ബി) | ഐ.ടി. മേഖലയിൽ താങ്ങാവുന്ന വേതനത്തിൽ ഏറ്റവും മികച്ച പ്രതിഭകളെ ലഭിക്കുന്ന നാടെന്ന ഖ്യാതിയിലും സംസ്ഥാനത്തെ ഐ.ടി. മേഖലയെ ഏഷ്യയിൽ ഒന്നാം സ്ഥാനത്തും ആഗോളതലത്തിൽ നാലാം സ്ഥാനത്തും എത്തിക്കുന്നതിലും സർക്കാരിന്റെ ഇടപെടൽ ഗുണകരമായിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഉണ്ട്. മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദ്ദേശീയ ഐ.ടി. കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിച്ച് ഐ.ടി സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനും, അവർക്ക് ആവശ്യാനുസരണം SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും ഐ.ടി പാർക്കുകളിൽ ഒരുക്കുന്നതിന് വേണ്ടുന്ന ഇടപെടലുകൾ നടത്തുന്നതോടൊപ്പം സാങ്കേതിക വൈദഗ്ധ്യത്തിൽ ഏറ്റവും മികച്ച പ്രതിഭകളെ സംസ്ഥാനത്തിനകത്തും പുറത്തും നിന്ന് കണ്ടെത്തി അവർക്ക് കേരളത്തിലെ സർക്കാർ ഐ.ടി. പാർക്കുകളിൽ തൊഴിൽ ചെയ്യുന്നതിനുള്ള സൗകര്യങ്ങളും സർക്കാർ ഒരുക്കിവരുന്നു.<br><br>“വർക്ക് നീയർ ഹോം” പദ്ധതിക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിലൂടെ കേരളത്തിൽ പ്രവർത്തിക്കുന്ന ഐ.ടി./ ഐ.ടി.ഇ.എസ് മേഖലയിലെ ജീവനക്കാരുടെ പ്രവർത്തന സൗകര്യം മെച്ചപ്പെടുന്നതിനോടൊപ്പം കേരളത്തിന് പുറത്തുള്ള കമ്പനികളെയും ജീവനക്കാരെയും കേരളത്തിലേക്ക് ആകർഷിക്കുവാനും സാധിക്കും.<br><br>സർക്കാർ പങ്കാളിത്തത്തോടുകൂടി സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ജൈറ്റെക്സ്, സിബിറ്റ് എന്നിവ ഉൾപ്പെടെയുള്ള ദേശീയ, അന്തർദേശീയ തലങ്ങളിൽ നടക്കുന്ന ഐ.ടി മേളകൾ, സെമിനാറുകൾ, കോൺഫെറൻസുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയിൽ പങ്കെടുത്ത്, കേരളത്തിലെ ഐ.ടി/ ഐ.ടി.ഇ.എസ് മേഖലയിൽ സജ്ജമാക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, മാനവശേഷി ലഭ്യത, നിക്ഷേപ സാധ്യതകൾ തുടങ്ങിയവ മനസ്സിലാക്കികൊടുക്കുക വഴി കൂടുതൽ നിക്ഷേപങ്ങൾ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഐ.ടി. മേഖലയിൽ പരമാവധി |

| | | | |
|---|---|---|---|
| | | | മാനവശേഷി ലഭ്യമാക്കുന്നതിനും അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് ഐ.ടി. പാർക്കുകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും വേണ്ടി സർക്കാർ ധനസഹായത്തോടെ ഐ.ടി കമ്പനികളിൽ ഇന്റേൺഷിപ്പ് പദ്ധതി 'ഇഗ്നൈറ്റ് ' എന്ന പേരിൽ നടന്നു വരുന്നുണ്ട്.<br><br>സംരംഭകത്വം, നൂതനത, സാങ്കേതികത എന്നിവ വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ 425 കോളേജുകളിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ ഇന്നവേഷൻ & എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ മികച്ച സാങ്കേതിക പ്രതിഭകളെ വാർത്തെടുക്കാൻ സംസ്ഥാനത്തിന് കഴിയുന്നുണ്ട്. |
| (സി) | കേരള സ്റ്റാർട്ടപ്പ് മിഷൻ വിദേശ രാജ്യങ്ങളിൽ തുടങ്ങുന്ന സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ഏതെല്ലാം രാജ്യങ്ങളിലാണ് ഇൻഫിനിറ്റി കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തുന്നതിനും പ്രവാസികളെ പ്രോത്സാഹിപ്പിക്കുക, കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് വിദേശ വിപണി വികസനം സാധ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെടുന്ന രാജ്യങ്ങളിൽ ലോഞ്ച് പാഡുകൾ സ്ഥാപിച്ച് കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പുകൾ വിപണി വികസനത്തിന് പ്രസ്തുത രാജ്യത്തിൽ പ്രവർത്തിക്കേണ്ടി വരുമ്പോൾ പ്രവർത്തന സൗകര്യവും പ്രവാസികൾ സാങ്കേതിക സ്റ്റാർട്ടപ്പുകൾ ആരംഭിക്കുമ്പോൾ അവർക്ക് സ്ഥല സൗകര്യവും ഈ ലോഞ്ച് പാഡുകളിലൂടെ ലഭ്യമാകും. ഉയർന്ന സാമ്പത്തികശേഷിയുള്ള പ്രവാസികളിൽ നിന്നും നിക്ഷേപം ലഭ്യമാക്കുന്നതിനായി കേരളത്തിലെ സ്റ്റാർട്ടപ്പുകളുമായി ബന്ധപ്പെടുത്തുന്നതിനും ഈ ലോഞ്ച് പാഡുകൾ സഹായകരമാകും. ഇതിന്റെ ഭാഗമായുള്ള ആദ്യ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രം ദുബായിൽ ഉദ്ഘാടനം ചെയ്തു. ഈ പദ്ധതി മറ്റു ചില രാജ്യങ്ങളിലേക്കും വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. ദുബായിൽ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ